13083
14/6/17

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അഡ്വ.എം.ഉമ്മർ എം.എൽ.എ. (മഞ്ചേരി) - 2016-17 സാമ്പത്തിക വർഷത്തെ അസംബ്ലി നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 1731/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 26.05.2017.

---

പരാമർശം - (1) 11.06.2012-ലെ 332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്

(2) അഡ്വ.എം.ഉമ്മർ, എം.എൽ.എ. യുടെ 26.11.2016 ലെ കത്ത്.

(3) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 24.03.2017 ലെ ഡിബി4-3971/17/സിഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

മഞ്ചേരി അസംബ്ലി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അഡ്വ.എം.ഉമ്മർ എം.എൽ.എ. നിയോജകമണ്ഡല ആസ്തിവികസന പദ്ധതിപ്രകാരം 'പറയംതൊടി ചേരുംകുഴിയിൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ' എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. പരാമർശം 3 പ്രകാരം സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം, സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ മഞ്ചേരി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അഡ്വ : എം . ഉമ്മർ , എം. എൽ.എ -യുടെ 2016-17 വർഷത്തെ ആസ്തിവികസന ഫണ്ടിൽ നിന്നും പറയംതൊടി ചേരുംകുഴിയിൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തി വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് 10 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

4. പ്രൊജക്റ്റ് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്റ്റ് അണ്ടർ എൽ.എ.സി.-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ.ജോസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

അഡ്വ.എം.ഉമ്മർ എം.എൽ.എ., മഞ്ചേരി നിയോജക മണ്ഡലം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, മഞ്ചേരി നഗരസഭ.
ധനകാര്യ വകുപ്പ് (468/ എൻ . സി . സി 1/2017- ധന)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.